"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ്- തൃശ്ശൂർ ജില്ലയിൽ ദുരന്ത സാധ്യത മേഖലയിൽ താമസിക്കുന്ന ശ്രീമതി കുഞ്ഞികാളിയെ മാറ്റി പാർപ്പിക്കുന്നതിനു ധനസഹായം അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ദുരന്ത നിവാരണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.55/2026/DMD തീയതി,തിരുവനന്തപുരം, 23-01-2026

---

പരാമർശം:-

1. സ.ഉ(കൈ)നം.25/2019/ഡി.എം.ഡി, തീയതി 23.08.2019
2. തലപ്പിള്ളി തഹസിൽദാരുടെ 27/07/2024, 01/02/2025 എന്നീ തിയ്യതികളിലെ TLKTPY/432/2022-C2 നമ്പർ കത്ത്
3. തൃശ്ശൂർ ജില്ലാ കളക്ടറുടെ 21/08/2024, 11/02/2025 എന്നീ തിയ്യതികളിലെ DCTSR/9922/2019-K1 നമ്പർ കത്ത്

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്ക് പരിധിയിലെ മണ്ണിടിച്ചിൽ/ഉരുൾപൊട്ടൽ മേഖലകളെ സംബന്ധിച്ച് പഠനം നടത്തിയ വിദഗ്ധസംഘത്തിന്റെ റിപ്പോർട്ട് അംഗീകരിച്ച് പുലാക്കോട് പറക്കുന്ന് പട്ടികജാതി കോളനിയിലെ 27 കുടുംബങ്ങളെ ഭൂമി വാങ്ങുന്നതിന് 6 ലക്ഷവും, വീട് നിർമ്മിക്കുന്നതിന് 4 ലക്ഷവും അനുവദിക്കുന്ന പദ്ധതിയിൽ ഉൾപെടുത്തിയതായും, എന്നാൽ, പ്രസ്തുത കുടുംബങ്ങളുടെ ഇടയിൽ താമസിക്കുന്ന ശ്രീമതി കുഞ്ഞിക്കാളി എന്നവർ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നില്ലായെന്നും, അവരെക്കൂടി ഉൾപ്പെടുത്തണമെന്നും പരാമർശം (2) പ്രകാരം തലപ്പിള്ളി തഹസിൽദാർ ശിപാർശ ചെയ്തിട്ടുണ്ട്.

2) 2019 ആഗസ്റ്റ് മാസത്തിൽ ഉണ്ടായ മണ്ണിടിച്ചിൽ മൂലം വീട് തകർന്ന തൃശ്ശൂർ ജില്ലയിൽ തലപ്പിള്ളി താലൂക്ക് പുലാക്കോട് വില്ലേജിൽപ്പെട്ട ചേലക്കര ഗ്രാമപഞ്ചായത്തിലെ 8-ാം വാർഡിൽ പറക്കുന്ന് പട്ടികജാതി കോളനിയിൽ താമസിക്കുന്ന കുഞ്ഞിക്കാളി, എന്നവരെ പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് സംയുക്തപരിശോധനാ റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുള്ളതായും, ഡിഡിഎംഎ യോഗത്തിൽ ശിപാർശ അംഗീകരിച്ച് സർക്കാരിന്റെ ഭൂമി വാങ്ങുന്നതിന് ആറു ലക്ഷവും വീട് നിർമ്മിക്കുന്നതിന് നാലു ലക്ഷവും അനുവദിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുള്ളതായും, അപകടസാഹചര്യങ്ങളിൽ ടിയാരിയെയും കുടുംബത്തെയും മാറ്റിപ്പാർപ്പിക്കാറുള്ളതും, നിലവിൽ ടി വീട് വാസയോഗ്യമല്ലായെന്നും, ടിയാരിക്ക് ഇതുമായി ബന്ധപ്പെട്ട് ധനസഹായങ്ങൾ ലഭിച്ചിട്ടില്ലായെന്നും, മേൽസാഹചര്യത്തിൽ, കുഞ്ഞിക്കാളി, പറക്കുന്നത്ത് കോളനി, പുലാക്കോട് എന്നവരെ സർക്കാരിന്റെ ഭൂമി വാങ്ങുന്നതിന് 6 ലക്ഷവും, വീട് നിർമ്മിക്കുന്നതിന് 4 ലക്ഷവും അനുവദിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ടിയാരിക്ക് മറ്റെവിടെയും വാസയോഗ്യമായ ഭൂമിയില്ലെന്ന് കാണിക്കുന്ന ടിയാരിയുടെ സാക്ഷ്യപത്രം സഹിതം പരാമർശം (3) പ്രകാരം തൃശ്ശൂർ ജില്ലാ കളക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

3) ദുരന്ത സാധ്യത മേഖലയിൽ ആണ് എന്ന് ജിയോളോജിക്കൽ സർവ്വേ ഓഫ് ഇന്ത്യയോ, സംസ്ഥാന ദുരന്ത നിവാരണ അതോറിട്ടി നിയോഗിച്ച വിദഗ്ധ സംഘമോ പഠനം നടത്തി, വാസയോഗ്യമല്ലായെന്ന് കണ്ടെത്തി ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അംഗീകരിച്ച വീടുള്ള വസ്തുവിൽ നിന്നും മാറി വസ്തുവാങ്ങി വീട് നിർമിക്കുന്നതിനോ വീടും സ്ഥലവും ഒരുമിച്ച് വാങ്ങുന്നതിനോ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 10 ലക്ഷം രൂപ അനുവദിക്കാവുന്നതാണെന്ന് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ദുരന്ത സാധ്യത മേഖലയിലാണ് താമസിക്കുന്നതെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നിയോഗിച്ച വിദഗ്ധ സംഘം കണ്ടെത്തിയ തലപ്പിള്ളി താലൂക്കിലെ പുലാക്കോട് വില്ലേജിൽ പറക്കുന്നത് ഉന്നതിയിലെ ശ്രീമതി കുഞ്ഞിക്കാളി എന്നിവർക്ക് വസ്തുവാങ്ങി വീട് നിർമ്മിക്കുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 10 ലക്ഷം രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പൂജ ലാൽ കെ എ എസ്
അണ്ടർ സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം, തിരുവനന്തപുരം
ജില്ലാ കളക്ടർ, തൃശ്ശൂർ
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
റവന്യൂ (ഡി.ആർ.എഫ്) വകുപ്പ് (ഗുണഭോക്താക്കൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന്)
ഫിനാൻസ് ഓഫീസർ, ദുരന്ത നിവാരണ വകുപ്പ്
ദുരന്ത നിവാരണ (എ3) സീറ്റ്
പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S R
സെക്ഷൻ ഓഫീസർ
Date: 23-01-2026 11:25:31